(ബി&സി) പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ 22-5-2003-ലെ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളേയും അനുബന്ധ സ്ഥാപനങ്ങളേയും ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മത്സ്യനയം

22 (*203) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ഒരു മത്സ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) അതു നടപ്പാക്കുന്നുണ്ടോ ;

(ഡി) ഒരു മത്സ്യനയം പ്രഖ്യാപിക്കാത്ത പക്ഷം മത്സ്യനയം പ്രഖ്യാപിക്കാനും അതു നടപ്പാക്കാനും നടപടി എടുക്കുമോ ?

ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ) ഈ സർക്കാർ ഒരു പുതിയ ഫിഷറീസ് നയം പ്രഖ്യാപിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

(ഡി) ഈ സർക്കാരിന്റെ പുതിയ ഫിഷറീസ് നയത്തിന്റെ കരട് തയ്യാറായിട്ടുണ്ട്. ഇത് ഉടൻ തന്നെ പ്രഖ്യാപിക്കുന്നതാണ്.

ആദിവാസികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ നടപടി

23 (*204) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലുള്ള ആദിവാസികളെ സാമൂഹ്യ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമം നടത്തുമോ ;

(ബി) അതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവരെ എപ്രകാരം പുനരധിവസിപ്പിക്കണം എന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അവരുടെ താമസ സ്ഥലങ്ങളിൽ തന്നെ അവരുടെ ജീവിത രീതിയ്ക്കും സമ്പ്രദായങ്ങൾക്കും ആദ്ധ്യാത്മീയതയ്ക്കും അനുയോജ്യമായ സൗകര്യങ്ങൾ നൽകുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ

(എ) അട്ടപ്പാടിയുൾപ്പെടെയുള്ള സംസ്ഥാനത്തെ മുഴുവൻ ആദിവാസികളേയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ അട്ടപ്പാടി ട്രൈബൽ പ്രോജക്ടിന്റെ കീഴിൽ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആദിവാസി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നുണ്ട്. വിവിധ മേഖലകളിൽ പരിശീലനം നൽകി പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുവേണ്ട പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം നൽകുന്നതിനുവേണ്ടി അട്ടപ്പാടിയിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകി വീണ്ടും പരീക്ഷ എഴുതിപ്പിച്ച് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിലെ ആദിവാസികൾക്കുവേണ്ടി 100 ശതമാനം കേന്ദ്ര സഹായത്തിലുള്ള അട്ടപ്പാടി ഹെൽത്ത് പ്രോജക്ട് അവിടെ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി അട്ടപ്പാടിയിലെ ആദിവാസികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കണം അതുവഴി കുടുംബശ്രീ യൂണിറ്റുകൾ ആരംഭിച്ചു പ്രവർത്തനം നടത്തിവരുന്നു.

(ബി) അട്ടപ്പാടി ആദിവാസി മേഖലയിൽ ദാരിദ്ര്യവും പട്ടിണിമരണങ്ങളും ഉണ്ടായതിനെത്തുടർന്ന് അന്തർദേശീയ സഹകരണത്തിനായുള്ള ജപ്പാൻ ബാങ്കിന്റെ സഹായത്തോടുകൂടി 219.31 കോടി രൂപ അടങ്കൽ ചെലവു വരുന്ന അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി 11-8-1996-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. പദ്ധതി നിർവ്വഹണ ഉദ്ഘാടനം 22-4-2000-ൽ നടത്തി. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ഊരു വികസന സമിതികളുടെ അട്ടപ്പാടിയിലെ ഉപഭോക്താക്കളായ ആദിവാസികളുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി സമ്പൂർണ്ണ വികസന പരിപാടി നടപ്പാക്കി വരുന്നു. അട്ടപ്പാടി ആദിവാസികളുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി പാർപ്പിടം, വെള്ളം, വെളിച്ചം, വിദ്യാഭ്യാസം, ആരോഗ്യം, ഊരുപാത വികസനം തുടങ്ങിയ ഘടകങ്ങൾ കൂടി ഉൾപ്പെടുന്ന പട്ടികവർഗ്ഗ പട്ടികജാതി സമ്പൂർണ്ണ വികസന പരിപാടി 2002 നവംബർ 17-ന് ബഹു.രാഷ്ട്രപതി ഉൽഘാടനം ചെയ്തു. 36 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത സമ്പൂർണ്ണ വികസന പരിപാടി മുഖാന്തിരം ഗുണഭോക്താക്കളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഉണ്ട്.

(എഫ്) അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ ഭാഗമായുള്ള സമ്പൂർണ്ണ വികസന പരിപാടിയനുസരിച്ച് പട്ടികവർഗ്ഗ പട്ടികജാതി ഊരുകളിൽ അവരുടെ ജീവിത രീതിക്കും സമ്പ്രദായങ്ങൾക്കും അനുയോജ്യമായ വിധത്തിൽ പ്രസ്തുത ഊരുകളെ സ്വയം പര്യാപ്തമാക്കുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുവാനും ഓരോ കുടുംബത്തിന്റെയും വലിപ്പത്തിനനുസരിച്ചും ഓരോ അംഗത്തിന്റെയും ആവശ്യത്തിനനുസരിച്ചുമുള്ള വീടുകൾ നിർമ്മിച്ചു നൽകുന്നതിനുമാണ് വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം തന്നെ അവരുടെ സാമൂഹ്യ ആവശ്യങ്ങൾ കൂടി കണക്കിലെടുത്താണ് ഊരുപാതകളടക്കം പ്രസ്തുത ഊരുകളുടെ വികസനം ഉറപ്പാക്കുന്നത്.

25 വർഷം പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ

24(*205) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 25 വർഷം പൂർത്തിയാക്കിയ എത്ര ജലവൈദ്യുത പദ്ധതികളുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇവയുടെ നവീകരണ പ്രവർത്തനം നടത്തിയോ എന്നും എങ്കിൽ ഓരോന്നിന്റെയും നവീകരണത്തിന് ചെലവായ തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇവയുടെ ഓരോന്നിന്റെയും നവീകരണ പ്രവർത്തനം നടത്തിയത് ആരാണ് ;

(ഡി) ഇപ്പോൾ നവീകരണ പ്രവർത്തനം നടന്നുവരുന്നവ ഏതെല്ലാമെന്നും ആരാണ് ഇവയുടെ നവീകരണം സംബന്ധിച്ച് പണി നടത്തുന്നത് എന്നും വ്യക്തമാക്കുമോ ;

(ഇ) ഇവയുടെ ഓരോന്നിന്റെയും കരാർ തുക എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) 9 ജലവൈദ്യുത പദ്ധതികൾ. അവ താഴെ പറയുന്നവയാണ്.

1. പള്ളിവാസൽ
2. ചെങ്കുളം

LIBRARY ARCHIVES Kerala Legislative Assembly